# ജോയിന്റ് കൗൺസിൽ ഓഫ് ആക്ഷൻ

## കേരള ഘടകം

എറണാകുളം,
17-12-2015.

പ്രിയ സുഹൃത്തെ,

നമ്മുടെ ഡിപ്പാർട്ട്മെന്റിൽ ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം (AEBAS) നടപ്പിലാക്കുന്നതിന്റെ ഭാഗമായി Pr.CCIT പ്രസിദ്ധീകരിച്ച 07-12-2015 തീയതിയിലെ ഓഫീസ് മെമ്മോറാണ്ടത്തിലെ പ്രതിലോമകരമായ നിർദ്ദേശങ്ങൾ നിങ്ങളെ ഏറെ വലയ്ക്കുകയും ആശയക്കുഴപ്പത്തിലാക്കുകയും ചെയ്യുന്നുണ്ടാകുമല്ലോ? ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിന് കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് സർക്കാർ നൽകിയ നിർദ്ദേശങ്ങൾക്കും അധികമായി ഏകപക്ഷീയമായി ഏർപ്പെടുത്തിയ അനാവശ്യ നിർദ്ദേശങ്ങൾ ജീവനക്കാരെ ബോധപൂർവ്വം ബുദ്ധിമുട്ടിക്കലാണ്. അംഗീകൃത സർവ്വീസ് സംഘടനകളെ വിശ്വാസത്തിലെടുക്കാതെയും കൂടിയാലോചനകൾ നടത്താതെയും തിരുത്തൽ നിർദ്ദേശങ്ങൾ പരിഗണിക്കാതെയും മുൻപോട്ടു പോകുന്നത് നമുക്ക് അംഗീകരിക്കാനാവില്ല. ഇതിലുള്ള JCA യുടെ പ്രതിഷേധം Pr. CCIT യെ എഴുതി അറിയിച്ചിട്ടുണ്ട്. ബയോമെട്രിക് സംവിധാനം സംബന്ധിച്ച് JCA താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഇവ പാലിച്ചുകൊണ്ട് ഭാവിയിലുണ്ടാകാവുന്ന വെല്ലുവിളികളും നേരിടുന്നതിന് സജ്ജരായിരിക്കുവാൻ ITEF ന്റെയും ITGOA യുടെയും അംഗങ്ങൾ തയ്യാറാകണമെന്ന് ആഹ്വാനം ചെയ്യുന്നു.

1. ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം (AEBAS) നടപ്പിലാക്കിയ ഓഫീസുകളിൽ അവ കാര്യക്ഷമമായി പ്രവർത്തിക്കുമ്പോൾ യാതൊരുവിധ രജിസ്റ്ററുകളിലും ഒപ്പിടില്ല.

2. സംവിധാനം കൃത്യമായി പ്രവർത്തിക്കാത്ത സാഹചര്യങ്ങളിലും സെക്യൂരിറ്റിയുടെ മുൻപിൽ ഹാജർ രേഖപ്പെടുത്തുന്നതല്ല. ഈ സാഹചര്യം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് സർക്കാർ നിർദ്ദേശമില്ലാത്തതിനാൽ സംഘടനകളുമായി ആലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

ആഴ്ചയിൽ 40 മണിക്കൂർ ജോലി സമയം എന്ന് നിഷ്കർഷിക്കുമ്പോൾ സർവ്വേ, സേർച്ച് ഇവയിൽ പങ്കെടുക്കുമ്പോളും അവധി ദിവസങ്ങളിൽ ജോലി ചെയ്യേണ്ടിവരുമ്പോളും നിർദിഷ്ട മണിക്കൂറുകൾക്ക് ഉപരിയായി വരുന്ന സമയം എങ്ങനെ കണക്കാക്കപ്പെടുമെന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഇത്തരം പ്രശ്നങ്ങളുൾപ്പെടെ ചർച്ച ചെയ്യപ്പെടേണ്ട PGRC മീറ്റിംഗുകൾ ഏറെക്കാലമായി വിളിച്ചു ചേർക്കപ്പെടുന്നില്ല. ട്രാൻസ്ഫർ പോളിസിയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് രൂപീകൃതമായ കമ്മിറ്റിയിൽ നിന്നും പ്രമോട്ടീ ഓഫീസർമാരെ ഒഴിവാക്കി നിർത്തിയിരിക്കുന്നതും അഡ്മിനിസ്ട്രേഷന്റെ വിവേചനത്തിന് ദൃഷ്ടാന്തമാണ്. ഇത്തരത്തിൽ ജീവനക്കാരുടെ പ്രശ്നങ്ങളോട് മുഖം തിരിച്ചു നിൽക്കുന്ന അധികാരികളുടെ നിഷേധാത്മക നിലപാടിനെ ശക്തമായി നേരിടുന്നതിന്റെ ഭാഗമായിത്തന്നെ AEBAS സംവിധാനത്തിന്റെ വികലമായ നടപ്പാക്കലിനെതിരെയുള്ള പ്രതിഷേധത്തെ കാണേണ്ടതാണ്. നമ്മുടെ സംഘബോധത്തിന്റെ ഏറ്റവും പുതിയ വിജയഗാഥയാക്കി ഈ ചെറുത്തു നിൽപ്പിനെ മാറ്റണമെന്ന് അഭ്യർത്ഥിക്കുന്നു

അഭിവാദ്യങ്ങളോടെ,

വി. എം. ജയദേവൻ/ എ. ജി. നാരായണൻ ഹരി
ജോയിന്റ് കൺവീനേഴ്സ്